# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1827 14.8.2017-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് പ്രസ്സുകൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | | മറുപടി |
| --- | --- | --- | --- |
| **ശ്രീ.പി.ഉണ്ണി**<br>**ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.വി.ജോയി**<br>**ശ്രീ.യു.ആർ.പ്രദീപ്** | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | ഗവൺമെന്റ് പ്രസ്സുകൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഗവ.പ്രസ്സുകൾ ആധുനികവത്കരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തി ശുപാർശ സമർപ്പിക്കുന്നതിനായി ശ്രീ.രാജേന്ദ്രകുമാർ അനയത്ത് ചെയർമാനായുള്ള വിദഗ്ദ്ധ സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി 28.2.2017- ൽ ബേസ് റിപ്പോർട്ടും, 21.4.2017- ൽ ഇടക്കാല റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി. അന്തിമ റിപ്പോർട്ട് അടിയന്തിരമായി നൽകണമെന്ന്, സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>ആധുനികവൽക്കരണത്തിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | ഇത് സംബന്ധിച്ച് പഠനം നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | വിദഗ്ധ സമിതി സമർപ്പിച്ച ബേസ് റിപ്പോർട്ടിൽ, അച്ചടി രംഗത്തെ സംബന്ധിച്ച നിരീക്ഷണങ്ങളും സംഗ്രഹവും മാത്രമാണുള്ളത്.<br>ഇടക്കാല റിപ്പോർട്ടിൽ, ഇൻഡ്യൻ അച്ചടി വ്യവസായ രംഗത്തെ സംബന്ധിച്ച സമകാലിക വിവരങ്ങളും, കേരളത്തിലെ സർക്കാർ പ്രസ്സുകളെ സംബന്ധിച്ച നിരീക്ഷണങ്ങളും അവയുടെ ആധുനികവൽക്കരണത്തിന് സ്വീകരി |

| | | | |
|---|---|---|---|
| | | | ക്കേണ്ട നടപടികളും, മണ്ണന്തല ഗവ.പ്രസ്സിൽ അത്യാന്താധുനിക അച്ചടി സൗകര്യം സ്ഥാപിക്കാനുള്ള സാധ്യതയുമാണ് ഉൾപ്പെട്ടുത്തിയിട്ടുള്ളത്. |
| (സി) | ഏതെല്ലാം ഗവൺമെന്റ് പ്രസ്സുകളാണ് ആധുനികവത്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചാൽ മാത്രമെ ഇക്കാര്യം വ്യക്തമാവുകയുള്ളു. |

സെക്ഷൻ ഓഫീസർ